(സി) ജില്ലകൾക്കും താലൂക്കുകൾക്കും പുറമേ വില്ലേജുകൾക്കുകൂടി ഈ നടപടി ബാധകമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) സംസ്ഥാനം, ജില്ലകൾ, താലൂക്കുകൾ എന്നിവയുടെ പേര് മലയാളത്തിൽ ഉച്ചരിക്കുന്നതുപോലെ തന്നെ ഇംഗ്ലീഷിൽ എഴുതി തയ്യാറാക്കി സ്റ്റേഷനറി നെയിംസ് അതോറിറ്റി അംഗീകരിച്ച ശേഷം സർവേ ഓഫ് ഇൻഡ്യ സതേൺ സർക്കിളിന് അംഗീകാരത്തിനായി അയച്ചുകൊടുത്തിരുന്നു. എന്നാൽ സർവ്വേ ഓഫ് ഇൻഡ്യ സ്ഥലനാമത്തിൽ വ്യത്യാസം വരുത്തുവാനുള്ള കാരണങ്ങൾ എന്താണെന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അതിനുള്ള നടപടികളും എടുത്തുവരുന്നു.

വീട് പണിയാൻ നൽകുന്ന വായ്പയുടെ പലിശ

* 445 [475] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരായവർക്ക് വീട് വയ്ക്കുന്നതിന് കളക്ടറാഫീസിൽനിന്നും 5 ശതമാനം പലിശക്ക് അനുവദിച്ചിരുന്ന ലോൺ ഇപ്പോൾ 10 ശതമാനം പലിശയായി വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഇനത്തിൽ ഈടാക്കുന്ന പലിശ 5 ശതമാനമാക്കി കുറിപ്പത്തപ്പെടുത്തി ഉത്തരവുണ്ടാകുവാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) & (ബി) പുനരധിവാസ ഭവനനിർമ്മാണ പദ്ധതിക്കാവശ്യമായ പണം ധനകാര്യ സ്ഥാപനങ്ങളായ ഹഡ്കോ, HDFC, കമേഴ്സ്യൽ ബാങ്കുകൾ തുടങ്ങിയവ വഴിയാണ് ലഭ്യമാക്കുന്നത്. ഈ സ്ഥാപനങ്ങൾ 7 മുതൽ 12.5% വരെ പലിശ ഈടാക്കുന്നുണ്ട്. അതിന്റെ ശരാശരി പലിശയായ 9.75% മാണ് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ ഈടാക്കുന്ന പലിശ നിരക്ക് കൂടുതലായതിനാൽ 5% ആക്കി കുറിപ്പത്തപ്പെടുത്താൻ നിർവാഹമില്ല.

ഓരോ വികസന ബ്ലോക്കിനും ഓരോ വ്യവസായ യൂണിറ്റ്

* 446 [476] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വികസന ബ്ലോക്കിനും ഓരോ വ്യവസായ യൂണിറ്റ് എന്ന ഒരു പരിപാടി അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ബ്ലോക്ക് തോറും വ്യവസായ വകുപ്പിന്റെ ശാഖാ ഓഫീസുകൾ തുറന്നു പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) ഇല്ല.

രജിസ്ട്രേഷൻ ഓഫീസിലെ രേഖകൾ

*447 [477] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ രജിസ്ട്രേഷൻ ഓഫീസുകളിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖകൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിനു എന്ത് സംവിധാനമാണുള്ളത് ;

(ബി) പഴയ രേഖകൾ മൈക്രോ ഫിലിം ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനാലോചനയുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) കയ്യെഴുത്തു പ്രതികൾ വാല്യങ്ങളായി പരിരക്ഷിക്കുന്നു.
(ബി) ഉണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

തൊണ്ട് നിയന്ത്രണ ചട്ടം

1629. [2444] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ച തൊണ്ട് നിയന്ത്രണ ചട്ടം മാറ്റുകയും പകരം ലെവി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതിനുശേഷം കഴിഞ്ഞ ഒന്നര മാസത്തിനിടയിൽ ലെവി സമ്പ്രദായമനുസരിച്ച് എത്ര പച്ച തൊണ്ട് ശേഖരിക്കുവാൻ കഴിഞ്ഞു ;

(ബി) സ്റ്റേറ്റിലെ പ്രാഥമിക കയർ സംഘങ്ങൾക്ക് ആവശ്യമായത്ര തൊണ്ട് ഈ നിയമംമൂലം ലഭ്യമാക്കാൻ കഴിയുകയില്ലെന്ന് ബോദ്ധ്യമായാൽ ലെവി സമ്പ്രദായം നിർത്തുകയും മുൻപുണ്ടായിരുന്ന തൊണ്ട് നിയന്ത്രണ ചട്ടം പുനഃസ്ഥാപിക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-9-1986 മുതൽ 23-10-1986 വരെ 8,50,310 തൊണ്ട് ലെവിയായും 83,25,004 തൊണ്ട് ലോക്കൽ കളക്ഷനായും ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly